പത്രക്കുറിപ്പ്
21-3-2018

## അതിജീവനത്തിന്റെ കരുത്തുറ്റ ശബ്ദമായി
## കുടുംബശ്രീയുടെ 'പ്രതിധ്വനി' ടോക് ഷോ

തിരുവനന്തപുരം: ദാരിദ്ര്യത്തിന്റെ ഇരുൾക്കയങ്ങളിൽ നിന്നും സാമൂഹ്യമായ അടിച്ചമർത്തലുകളിൽ നിന്നും അതിജീവനത്തിന്റെ കരുത്തുറ്റ പോരാട്ടവുമായി ജീവിതത്തിന്റെ കനൽവഴികളിൽ മുന്നേറിയ ഇരുപത്തിയെട്ടു സ്ത്രീകൾ. അനുഭവങ്ങളുടെ ചൂടും ചൂരും നിറഞ്ഞ പ്രചോദനം പകരുന്ന അവരുടെ ഓരോ വാക്കുകൾക്കും നിരഞ്ഞ കരഘോഷത്തോടെ സദസിന്റെ അനുമോദനം. കുടുംബശ്രീ മുഖേന നടത്തുന്ന ജെൻഡർ കാമ്പെയ്ൻ-നീതം 2018 ന്റെ സംസ്ഥാനതല സമാപന പരിപാടികളുടെ ഭാഗമായി രണ്ടാം ദിവസം സംഘടിപ്പിച്ച പ്രതിധ്വനി ടോക്ഷോയിലാണ് പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കടന്നു വന്ന സാധാരണക്കാരായ സ്ത്രീകളുടെ വിജയനാനുഭവകഥകൾ അരങ്ങേറിയത്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത ഏറ്റവും മികച്ച രണ്ടു രണ്ടു അനുഭവകഥകളാണ് വേദിയിൽ അവതരിപ്പിച്ചത്. ഒരാൾക്ക് പത്തു മിനിട്ടാണ് അനുവദിച്ചിരുന്ന സമയം. കുടുംബശ്രീയിൽ വരുന്നതിനു മുമ്പുള്ള തങ്ങളുടെ ജീവിതവും അതിനു ശേഷം വ്യക്തിത്വവികസനവും വിദ്യാഭ്യാസവും ഉൾപ്പെടെ ജീവിതത്തിൽ കൈവരിച്ച പുരോഗതിയും അതോടൊപ്പം സാമൂഹ്യവികസനവുമായി ബന്ധപ്പെട്ടു നടത്തി വരുന്ന മാതൃകാ പ്രവർത്തനങ്ങളും പച്ചയായ വാക്കുകളിലൂടെ അവർ വിവരിച്ചപ്പോൾ പാനലിസ്റ്റുകൾക്കു പോലും അത് വേറിട്ട ശബ്ദത്തിന്റെ പ്രതിധ്വനിയായി മാറുകയായിരുന്നു.

ജെ.രാധാമണി രവി, പ്രസന്നകുമാരി, അജി ബഷീർ, ബിന്ദു വിൽസൺ, ഫറീന ഷാജഹാൻ, എം.വി ഭാഗീരഥി, ചന്ദ്രാജനം രാധാകൃഷ്ണൻ, പ്രസന്ന കുമാരി, യാസ്മിൻ, സക്കീന, ലക്ഷ്മി രാജൻ, ഉഷാ ഉത്തമൻ, ദീപാ നായർ, പത്മാവതി, അമ്പിളി ഭാസ്കരൻ, വത്സല എം, കലാമണി, കെ.താഹിറ, സിന്ധു.എസ്, ലിസി മാത്യു, മിനി കെ, സോനു എസ്.നായർ, പത്മിനി, അമ്പിളി നായർ, അനിതാ സോമൻ, സലോമി റോബി, സ്മിതാ മോൾ, മേഴ്സി ജോർജ്, ടി.ടി.റംല എന്നിവരാണ് കുടുംബശ്രീയിലൂടെ തങ്ങൾ കൈവരിച്ച സാമൂഹ്യവും സാമ്പത്തികവും ബൗദ്ധതികവുമായ വളർച്ചയുടെ കഥകൾ അവതരിപ്പിച്ചത്.

കുടുംബശ്രീ കഴിഞ്ഞ ഇരുപത് വർഷങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങളുടെ സമഗ്രത വ്യക്തമാക്കുന്നതാണ് പ്രതിധ്വനി ടോക് ഷോയെന്ന് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് ദേവസ്വം-ടൂറിസം-സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. കുടുംബശ്രീ കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ മുന്നേറ്റത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. കുടുംബശ്രീ മുഖേന കേരളത്തിലെ സാധാരണ സ്ത്രീകൾ കൈവരിച്ച സാമൂഹ്യമുന്നേറ്റത്തെ ഇന്ന് എല്ലാവരും അംഗീകരിക്കുന്നു. ഭരണരംഗത്ത് സ്ത്രീകൾ നേടിയെടുത്ത വലിയ പ്രാതിനിധ്യം ഈ വിജയകരമായ മുന്നേറ്റത്തിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

സ്ത്രീശാക്തീകരണ രംഗത്ത് ഏറെ മുന്നേറിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട മേഖലയിലാണ് കുടുംബശ്രീ അവശ്യ ഇടപെടൽ നടത്തേണ്ടതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിച്ച ഇ.എസ്.ബിജിമോൾ എം.എൽ.എ പറഞ്ഞു. സമൂഹത്തിൽ ഒറ്റപ്പെടും എന്ന പേടി കൊണ്ട് സ്ത്രീകൾ അവർ അനുഭവിക്കുന്ന പല പ്രയാസങ്ങളും ഉള്ളിൽ അടിച്ചമർത്തുകയാണ്. സ്ത്രീകൾ ഇത്തരം അവസ്ഥകളെ മറികടന്നു മുന്നോട്ടു വന്ന് നീതിക്കായി പോരാടണമെന്നും അഭിപ്രായങ്ങൾ തുറന്നു പറയാനുള്ള ആർജവത്വം നേടണമെന്നും എം.എൽ.എ പറഞ്ഞു.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ്.കെ.വി സ്വാഗതം പറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ വിഷയാവതരണം നടത്തി. കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗങ്ങളായ സി.എസ്.സുജാത, എം.കെ.രമ്യ, കേരള കാർഷിക സർവകലാശാല-സ്ത്രീ പഠന കേന്ദ്രം മേധാവി പ്രഫ.ഗീതക്കുട്ടി, കോഴിക്കോട് സർവകലാശാല സ്ത്രീപഠന വിഭാഗം മേധാവി മിനി സുകുമാർ, ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുമായ പ്രമോദ് പയ്യന്നൂർ എന്നിവർ പാനൽ അംഗങ്ങളായി. സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ സുജിത.ടി നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ